വ്യക്തമാക്കാമോ ; ഇവർക്ക് കേന്ദ്രത്തിലുള്ളതുപോലെ റേഷ്യോ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

സർക്കാർ സേവനങ്ങളുടെ ഫീസ്

82 (83) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് രൂപ മുതൽ നൂറ് രൂപ വരെ ഫീസ് ഈടാക്കിവരുന്ന സർക്കാർ സേവനങ്ങൾ എന്തൊക്കെയാണെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഫീസ് ഇനത്തിൽ 2013-14 വർഷം ലഭിച്ച വരുമാനം എത്ര കോടിയായിരുന്നു ;

(സി) സർക്കാർ സേവനങ്ങളുടെ ഫീസ് നിരക്കിൽ മാറ്റം വരുത്തിയിട്ടുണ്ടോ, എങ്കിൽ പ്രസ്തുത മാറ്റം എന്ന് മുതൽ നിലവിൽ വരികയുണ്ടായിയെന്നും എത്ര ശതമാനം വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) ഫീസ് നിരക്കിൽ ഏർപ്പെടുത്തിയ വർദ്ധനവിലൂടെ പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാനമാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഇതുസംബന്ധിച്ച വിവരങ്ങൾ വിവിധ വകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. 1-10-2014 മുതൽ നിലവിൽ വരികയുണ്ടായി. [ജി.ഒ.(പി) നമ്പർ 409/2014/ധന. തീയതി 23-9-2014]. 15 മുതൽ 50% വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ഡി) പ്രതിവർഷം 350 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

ചികിത്സാ ധനസഹായ വിതരണം

83 (84) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയിൽ അപേക്ഷകർക്ക് അനുവദിച്ച ചികിത്സാ ധനസഹായം നാളിതുവരെ കൊടുത്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly